ഉത്തരം

(എ) ഉണ്ട്.

(ബി) വിവിധ ഓഫീസുകളിൽ നിന്നും വിവരം ശേഖരിച്ചു വരുന്നു.

(സി) കല്ലട പദ്ധതിയുടെ ആവശ്യാർത്ഥം മറ്റ് പല ആഫീസുകളിലും ഉണ്ടായിരുന്ന ഉപയോഗം കഴിഞ്ഞ യന്ത്ര സാമഗ്രികൾ തെൻമല കെ. ഐ. പി. ഡിവിഷൻ ആഫീസിൽ കൂട്ടിച്ചേർക്കപ്പെടുകയുണ്ടായി.

(ഡി) 10 എച്ച്. പി.-യുടെ ഒരു ഇലക്ട്രിക് മോട്ടോർ മോഷണം പോയിട്ടുണ്ട്.

(ഇ) റോഡ് റോളറുകൾ, എയർ കംപ്രസറുകൾ, മൊബൈൽ വർക്കുഷോപ്പ് വാൻ, ബോട്ട്, ജീപ്പുകൾ, ട്രഷറുകൾ, ഗ്രൗണ്ടിംഗ് പ്ലാന്റ് എന്നിവ ഇവിടെയുണ്ട്.

(എഫ്) ബന്ധപ്പെട്ട ഓഫീസുകളിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർക്കാണ് ഇതിന്റെ ഉത്തരവാദിത്വം.

(ജി) ശേഷിച്ച സാധനങ്ങളിൽ ഉപയോഗപ്രദമായതിൽ കല്ലടപദ്ധതിക്കു ആവശ്യമുള്ളവ പോയിട്ട് ബാക്കി പഞ്ചായത്ത്, പൊതുമരാമത്ത് തുടങ്ങിയ വകുപ്പുകൾക്ക് കൈമാറാൻ നടപടി സ്വീകരിച്ചു വരുന്നു.

കല്ലടപദ്ധതിയുമായി ബന്ധപ്പെട്ട അന്വഷണം

48 [3189] ശ്രീ. രാജു എബ്രഹാം:
„ വി. ചെന്താമരാക്ഷൻ:
„ കെ. കെ. ജയചന്ദ്രൻ:

ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലടപദ്ധതിയുമായി ബന്ധപ്പെട്ട ആർബിട്രേഷൻ അവാർഡുകളും അതിന്റെ ഭാഗമായി കരാറുകാർക്ക് അധികമായി പണം നൽകിയതിനെക്കുറിച്ചും സർക്കാർ അന്വേഷണം നടത്തുകയുണ്ടായോ;

(ബി) ഇറിഗേഷൻ ചീഫ് എഞ്ചിനീയറുടെ അന്വേഷണത്തിൽ വെളിവാക്കപ്പെട്ട സംഗതികൾ എന്തൊക്കെയാണ്;

(സി) പ്രസ്തുത അന്വേഷണ റിപ്പോർട്ടിൻമേൽ സർക്കാർ എന്തു നടപടി സ്വീകരിക്കുകയുണ്ടായി;

(ഡി) കല്ലട പദ്ധതി ലക്ഷ്യം കൈവരിച്ചതായി ഗവൺമെന്റ് കരുതുന്നുണ്ടോ; എന്തു തുക ഇതിനായി ചെലവായി; മതിപ്പ് ചെലവ് എത്രയായിരുന്നുവെന്ന് പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ആർബിട്രേഷൻ അവാർഡുകളെ സംബന്ധിച്ച് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 1994-ലെ റിപ്പോർട്ടിലെ പരാമർശം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എസ്. മോഹൻകുമാർ കമ്മീഷൻ അന്വേഷണം നടത്തുകയുണ്ടായി.

(ബി) ഇറിഗേഷൻ ചീഫ് എഞ്ചിനീയറെക്കൊണ്ട് അന്വേഷണം നടത്തിച്ചിട്ടില്ല.

(സി) ബാധകമല്ല.

(ഡി) കല്ലടപദ്ധതി പണി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ലക്ഷ്യം കൈവരിച്ചോ, ഇല്ലയോ എന്ന് പറയാൻ കഴിയില്ല. ഈ പദ്ധതിക്ക് നാളിതുവരെ 661.07 കോടി രൂപാ ചെലവായി. പദ്ധതി തുടങ്ങുമ്പോൾ മതിപ്പ് ചെലവ് 13.28 കോടി രൂപയായിരുന്നു.

(ഇ) വിവരം പിന്നീട് നൽകുന്നതാണ്.

നേത്രാവതിപ്പുഴയുടെ ഗതി തിരിച്ചു വിടാനുള്ള തീരുമാനം

49 [3190] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർണ്ണാടക സംസ്ഥാനത്തുനിന്ന് ഉത്ഭവിക്കുന്ന നേത്രാവതിപ്പുഴയുടെ ഗതി തിരിച്ചു വിടാനുള്ള കർണ്ണാടക സർക്കാരിന്റെ തീരുമാനത്തെക്കുറിച്ച് അറിയാമോ;

(ബി) ഈ പുഴയുടെ ഗതി തിരിച്ചു വിടാൻ കാസർഗോഡ് ജില്ലയിലെ ഷിറിയ, ചന്ദ്രഗിരിപ്പുഴകളിലെ നീരൊഴുക്കിനെ സാരമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാകാവുന്ന ഈ തീരുമാനത്തിൽ സർക്കാർ തലത്തിൽ അടിയന്തിരമായി ഇടപ്പെട്ടുകൊണ്ട് പ്രസ്തുത പ്രദേശത്തെ കുടിവെള്ള കാർഷിക വികസനത്തെ ബാധിക്കുന്ന പ്രസ്തുത തീരുമാനം അടിയന്തിരമായി പിൻവലിക്കാൻ വേണ്ട നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ടെലിവിഷനിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച് പഠനം നടത്തിയ ശേഷമേ ആധികാരികമായി പറയുവാൻ സാധിക്കുകയുള്ളൂ.

(സി) ചീഫ് എഞ്ചിനീയറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിച്ചതിനുശേഷം അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly